LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി.ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം

30 (613) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. ജി. പി. പദ്ധതി പ്രകാരം ആരംഭിച്ച വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് കെട്ടിടം പണി മാർച്ച് 31-ശേഷം എം.ജി.പി. ഫണ്ടിൽ നിന്നും പണം ലഭ്യമാകാതെ പ്രവർത്തനം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) നിലവിൽ പണി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്താണ് എന്ന് വിശദമാക്കുമോ ;

(ഇ) തടസ്സംനീക്കി പണി എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി പ്രവർത്തിക്കായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്. എം.ജി.പി. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇതുവരെ ചെയ്ത പണിയുടെ തുകയായ 6,88,888- (ആറു ലക്ഷത്തി എൺപത്തി എണ്ണായിരത്തി എണ്ണൂറ്റി എൺപത്തി എട്ട് രൂപ) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകുന്നതിന് അലോട്ട്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

(സി-ഇ) എം.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം നടന്നത്. എന്നാൽ എം.ജി.പി. പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഫണ്ട് ലഭ്യമല്ല. ആവശ്യമായ ഫണ്ട് ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്നംകുളം താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി

31 (614) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് ഒ.പി. ബ്ലോക്ക് പണിയുന്നതിന്റെ നടപടികളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കുന്നംകുളം താലൂക്കാശുപത്രിയിൽ സർജറി അനസ്തേഷ്യ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

32 (615) ശ്രീ. ബാബു എം. പാലിശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിലെ സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള രണ്ട് സർജന്മാരുടേയും ഒരു അനസ്തേഷ്യസ്റ്റിന്റെയും തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് അടിയന്തരഘട്ടങ്ങളിൽപോലും സർജറി നടത്താൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുന്നംകുളം താലൂക്കാശുപത്രിയിൽ സർജന്റെയും അനസ്തേഷ്യാസ്റ്റിന്റെയും തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്. ജനറൽ സർജന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിലും മറ്റു സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ അടിയന്തരകേസുകൾ അതാതു സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ കൈകാര്യം ചെയ്യുന്നുണ്ട്. അനസ്തേഷ്യസ്റ്റിനെ താൽക്കാലികമായി ലഭ്യമാക്കി പ്രസവസംബന്ധമായ ശുശ്രൂഷകളും നടത്തുന്നുണ്ട്.

(ബി&സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവുമൂലം ടി ആശുപത്രിയിൽ അനുവദിച്ചിരുന്ന സർജന്റെയും അനസ്തേഷ്യസ്റ്റിന്റെയും ഒഴിവുകൾ നികത്താൻ കഴിഞ്ഞിട്ടില്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കേഡർ തിരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യത അനുസരിച്ച് ടി ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly